**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവീസുകളുടെ വൈവിധ്യവത്ക്കരണവും വിപുലീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | 2022 ഡിസംബർ മാസം കെ.എസ്.ആർ.ടി.സി. ഇരുനൂറ്റി ഇരുപത്തിരണ്ട് കോടിയിലധികം രൂപയുടെ ടിക്കറ്റ് വരുമാനം നേടി റെക്കോഡ് കളക്ഷൻ കൈവരിച്ചത് സ്ഥായിയാക്കാൻ സർവീസുകളിൽ വൈവിധ്യവത്ക്കരണവും വിപുലീകരണവും നടത്തുന്നുണ്ടോ; | (എ) | 2022 ഡിസംബർ മാസം കെ.എസ്.ആർ.ടി.സി. ഇരുനൂറ്റി ഇരുപത്തിരണ്ട് കോടിയിലധികം രൂപയുടെ ടിക്കറ്റ് വരുമാനം നേടി റെക്കോഡ് കളക്ഷൻ കൈവരിച്ചത് സ്ഥായിയാക്കാൻ സർവീസുകളിൽ വൈവിധ്യവത്ക്കരണവും വിപുലീകരണവും നടത്തുന്നുണ്ട്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന നവീകരണം തൊഴിലാളികളുടെ കൂടി സഹകരണത്തോടെ യാഥാർത്ഥ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന നവീകരണം തൊഴിലാളികളുടെ കൂടി സഹകരണത്തോടെ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ഇതിനായി അംഗീകൃത യൂണിയനുകളിലെ പ്രതിനിധികളെയും, പാസഞ്ചേഴ്സ് അസ്സോസിയേഷന്റെയും, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതാണ്. |
| (സി) | ഓരോ യൂണിറ്റിന്റെയും ബസ് ഷെഡ്യൂളിന്റേയും കണക്കുകൾ വിശകലനം നടത്തി യഥാസമയം മെച്ചപ്പെടുത്തലുകൾ നിർദേശിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ പ്രത്യേക അക്കൗണ്ടിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രതിദിന/മാസ കണക്കുകൾ യഥാസമയം accounting / double entry book keeping principles അനുസരിച്ച് കൃത്യമായ കണക്കുകൾ രേഖപ്പെടുത്തുന്നതിനും ഓരോ ബസ്സിന്റെയും യൂണിറ്റുകളുടെയും കണക്കുകൾ വിശകലനം ചെയ്യുന്നതിനും വേണ്ടി പ്രത്യേകമായ അക്കൗണ്ട്സ് വിംഗ് അംഗീകൃത തൊഴിലാളി യൂണിയനുകളുമായി ഏർപ്പെട്ട ദീർഘകാല സേവന-വേതന കരാറിൽ XXXX-ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യിൽ ERP system നടപ്പിലാക്കികൊണ്ട് അക്കൗണ്ടിംഗ് വിഭാഗം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ